## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2886** **17/10/2016-ൽ മറുപടിക്ക്**

**പാലക്കാട് ജില്ലയിലെ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ**

**ചോദ്യം**
ശ്രീ.കെ. ബാബു

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികളില്ലാത്ത എത്ര പഞ്ചായത്തുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ആയുർവേദ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകൾ നിലവിലില്ല. എന്നാൽ ഹോമിയോ ഡിസ്പെൻസറികൾ (സർക്കാർ/ എൻ.എച്ച്.എം.) ഇല്ലാത്ത 17 പഞ്ചായത്തുകളാണ് നിലവിലുള്ളത്. |
| (ബി) | ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ? | (ബി) | പുതുതായി ആയുർവേദ/ ഹോമിയോ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ (വെള്ളം, വെളിച്ചം, ശൗചാലയം എന്നിവ) ഒരുക്കിതരാമെന്ന പഞ്ചായത്ത് തീരുമാനം/ പ്രമേയം അത്യന്താപേക്ഷിതമാണ്. ആയത് അതാത് വകുപ്പിൽ സമർപ്പിക്കുമ്പോൾ വകുപ്പ് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ